# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *243 — 18-07-2016 -ൽ മറുപടിക്ക്

### പ്രകൃതി ദുരന്തം നേരിടാനുള്ള മുൻകരുതലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.കെ.എം.ഷാജി** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്ത സാദ്ധ്യതയുള്ള മേഖലകൾ ഏതൊക്കെ യാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, വരൾച്ചാ, തീരശോഷണം, ഇടിമിന്നൽ എന്നിവയുടെ ദുരന്ത സാദ്ധ്യതകൾ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ സഹായത്തോടുകൂടി വിലയിരുത്തി ഓരോ വില്ലേജിലെയും പ്രസ്തുത പ്രദേശങ്ങളെ പ്രതിപാദിച്ചുകൊണ്ട് ജില്ലാ തലത്തിൽ പട്ടിക തയ്യാറാക്കി ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രകൃതി ദുരന്തം നേരിടാനും ദുരന്തബാധിതരെ സഹായിക്കാനും എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ അപകടങ്ങൾ നേരിടുന്നതിന് സജ്ജമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA-State Disaster Management Authority) യുടെ കീഴിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (SEOC- State Emergency Operations Centre) തിരുവനന്തപുരത്തും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ (DEOC - District Emergency Operations Centre) 14 ജില്ലാ കളക്ടറേറ്റുകളിലും കളക്ടർമാരുടെ നേരിട്ടുള്ള നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ റവന്യൂ, പോലീസ്, ഫയർ ആർഡ് റസ്ക്യൂ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ 24 മണിക്കൂറും സേവന സന്നദ്ധരാണ്. സാധ്യതയുള്ള അപകടങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് ഇടിമിന്നൽ, തീരശോഷണം, ശക്തമായ കാറ്റ് തുടങ്ങിയവയെ ദുരന്തങ്ങളുടെ പട്ടികയിൽ പെടുത്തി, ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP- National Cyclone Risk Mitigation Project) നടപ്പാക്കി വരുന്നു. വരൾച്ചാ പ്രതിരോധ പ്രവൃത്തിയായി 'മഴപ്പൊലിമ' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF-State Disaster Response Force) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഫയർ & റസ്ക്യൂ സർവ്വീസിന്റെ |

| | | | |
|---|---|---|---|
| | | | നവീകരണത്തിനായി സാമ്പത്തിക സഹായം അനുവദിച്ചു. കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ **(NDRF-National Disaster Response Force)** പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിന് എറണാകുളം ജില്ലയിൽ സ്ഥലം അനുവദിക്കുകയുണ്ടായി. മനുഷ്യജന്യ ദുരന്തങ്ങളുടെ നോഡൽ വകുപ്പായി ആഭ്യന്തര വകുപ്പിനെ നിർണ്ണയിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ സംബന്ധമായ വിഷയങ്ങൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലയായി നിർണ്ണയിച്ചിട്ടുണ്ട്. റയിൽവേയുടെ അടിയന്തര ഘട്ട രൂപരേഖ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ സഹകരണത്തോടുകൂടി ദേശീയ ദുരന്ത നിവാരണ അതോറിറ്റി ബോട്ട് സുരക്ഷാ സംബന്ധമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ, തയ്യാറാക്കി വരുന്നു. ആരോഗ്യ വകുപ്പിന് വ്യക്തമായ പകർച്ചവ്യാധി പ്രതിരോധ രൂപരേഖയുണ്ട്. കൂടാതെ കൃഷി, ആരോഗ്യം, ജലസേവനം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം അടിയന്തിര ഘട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും തൽഫലമായുണ്ടാകുന്ന ദുരന്തങ്ങളും നേരിടുന്നതിന് ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP - United Nations Development Programme) നടപ്പാക്കി വരുന്നു. ഇപ്രകാരം റവന്യൂ, ആരോഗ്യം, പോലീസ്, കൃഷി, ജലസേചനം, വൈദ്യുതി, ഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചും ശക്തിപ്പെടുത്തിയും ദുരന്ത നിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. ദുരന്ത ബാധിതർക്ക് മിനിമം റിലീഫ് കോഡ് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| സി) | പ്രകൃതി ദുരന്തങ്ങളിൽ വീട്ടു നഷ്ടപ്പെടുന്നവർക്കും ദുരന്തബാധിതർക്കും വേണ്ടി, ദുരന്ത സാദ്ധ്യതാ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങളുള്ള ദുരിതാ ശ്വാസ ക്യാമ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | സി) | വെള്ളപ്പൊക്കം, കടൽക്ഷോഭം തുടങ്ങിയവ മൂലം ദുരിതമനുഭവിക്കുന്നവരെ താല്ക്കാലികമായി പുനരധിവസി പ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചു വരുന്നത്. എന്നാൽ, പ്രസ്തുത ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ ആയവ ഏർപ്പെടുത്തു ന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ താല്ക്കാലിക മായി മാറ്റിപാർപ്പിക്കുന്നതിന് ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP-National Cyclone Risk Mitigation Project) പ്രകാരം 27 സ്ഥിരം ക്യാമ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ